**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂർ നഗരസഭ - ഭൂരഹിത ഭവനരഹിത പദ്ധതി ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്ന ശ്രീമതി ചോലയിൽ റസീനയ്ക്ക് ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ലഭിച്ച തുകയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ മാത്രം തിരിച്ചടയ്ക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം. 1174 /2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 25/04/2018.

വായന:- തിരൂർ നഗരസഭാ സെക്രട്ടറിയുടെ 15/02/2018 ലെ പിഡബ്ല്യൂ-2/723/18(എച്ച 2) നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ നിന്ന് ഭൂരഹിത ഭവനരഹിത പദ്ധതി (SO No.50/2003) ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്ന ശ്രീമതി ചോലയിൽ റസീനയ്ക്ക് 25000/-രൂപ കൈമാറിയിരുന്നുവെന്നും എന്നാൽ ജീവിതസാഹചര്യങ്ങൾ മൂലം ഇവർക്ക് വീട്ടുപണി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്നും ആധാരം തിരികെ ലഭിക്കുന്നതിനായി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ കൈപ്പറ്റിയ തുകയും പലിശയും പിഴപ്പലിശയും അടയ്ക്കണമെന്ന് അറിയിച്ചതിനെത്തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പലിശയും പിഴപ്പലിശയും ഒഴിവാക്കിനൽകണമെന്ന് ഇവർ അപേക്ഷിച്ചിട്ടുണ്ടെന്നും ഇവർ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായതിനാൽ ഇവരുടെ അപേക്ഷയിന്മേൽ തുടർനടപടി സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും മുകളിൽ വായിച്ച കത്തു പ്രകാരം തിരൂർ നഗരസഭാസെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഭൂരഹിത ഭവനരഹിത പദ്ധതിയുടെ (SO No./50/2003) ഗുണഭോക്താവായി തിരൂർ നഗരസഭ തെരഞ്ഞെടുത്തിരുന്ന ശ്രീമതി ചോലയിൽ റസീനയുടെ പ്രത്യേക ജീവിതസാഹചര്യം കണക്കിലെടുത്തും പ്രത്യേക കേസായി പരിഗണിച്ചും ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ലഭിച്ച തുകയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ മാത്രം തിരിച്ചടയ്ക്കുന്നതിന് അനുമതിയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രമാണം തിരിച്ചുനൽകാൻ തിരൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. വിശ്രുതൻ ആചാരി**

**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരൂർ നഗരസഭ, തൃക്കണ്ടിയൂർ പി.ഒ, തിരൂർ പിൻ - 679104

ശ്രീമതി റസീന, ചോലയിൽ, തൃക്കണ്ടിയൂർ പി.ഒ, തിരൂർ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ